**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3187** **14-02-2024 - ൽ മറുപടിയ്ക്ക്**

**മത്സ്യഫെഡിലെ വിവിധ തസ്തികയിലുള്ള ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യുന്നത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യഫെഡിൽ പി.എസ്.സി. മുഖേന പ്രോജക്റ്റ് ഓഫീസർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് വിശദമാക്കുമോ; പ്രോജക്റ്റ് ഓഫീസർമാരുടെ എത്ര സ്ഥിരം തസ്തികകൾ മത്സ്യഫെഡിൽ ഉണ്ടെന്നും അതിൽ എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും നിയമന നടപടികൾ തുടങ്ങിയിട്ടുണ്ടോയെന്നും അറിയിക്കുമോ; | (എ) | മത്സ്യഫെഡിൽ പ്രോജക്റ്റ് ഓഫീസർമാരുടെ 85 തസ്തികകൾ നിലവിലുണ്ട്. ആയതിൽ 63 ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുകയും 63 അഡ്വൈസ് മെമ്മോ ലഭ്യമായിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ 61 പേർ മത്സ്യഫെഡ് സർവ്വീസിൽ പ്രവേശിച്ചിട്ടുണ്ട്. |
| (ബി) | പ്രോജക്റ്റ് ഓഫീസർമാരുടെ മുഴുവൻ ഒഴിവുകളും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാതെ തസ്തികകൾ തരം മാറ്റി ആയതിൽ താൽക്കാലിക ജീവനക്കാരെ നിയമിക്കാനുള്ള നടപടികൾ എടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | പ്രോജക്റ്റ് ഓഫീസർമാരുടെ മുഴുവൻ ഒഴിവുകളും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്. പ്രോജക്റ്റ് ഓഫീസർ തസ്തികകൾ തരം മാറ്റി താൽക്കാലിക ജിവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. |
| (സി) | പി.എസ്.സി വഴി നിയമനം നടക്കുന്ന എത്ര തസ്തികകൾ മത്സ്യഫെഡിൽ ഉണ്ട്; മത്സ്യഫെഡിൽ പി.എസ്.സി വഴിയല്ലാതെ വിവിധ തസ്തികകളിലായി ജോലി ലഭിച്ച ആകെയെത്ര ജീവനക്കാരുണ്ട്; അതിൽ കരാർ, ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്ത് വരുന്നവർ എത്ര; | (സി) | മത്സ്യഫെഡ് സ്പെഷ്യൽ റൂൾസ് പ്രകാരം പി.എസ്.സി വഴി നിയമനം നടക്കുന്ന 18 തസ്തികകൾ മത്സ്യഫെഡിൽ ഉണ്ട്. മത്സ്യഫെഡിലെ നിയമനങ്ങൾ പി.എസ്.സി.ക്ക് വിട്ടു നൽകുന്നതിന് മുൻപ് ജോലിയിൽ പ്രവേശിച്ച ജീവനക്കാരടക്കം വിവിധ തസ്തികകളിലായി നിലവിൽ 769 ജിവനക്കാർ ഉണ്ട്. അതിൽ സ്ഥിരം 147 ഉം, കരാർ അടിസ്ഥാനത്തിൽ 319 ഉം, ദിവസ വേതനാടിസ്ഥാനത്തിൽ 247 ജിവനക്കാരും ജോലി ചെയ്യുന്നുണ്ട്. ഇതിന് പുറമേ പീസ് റേറ്റിൽ 51ഉം ട്രെയിനിയായി 5 പേരും ജോലി ചെയ്തു വരുന്നുണ്ട്. |
| (ഡി) | പ്രൊമോഷൻ തസ്തികയായ അസിസ്റ്റന്റ് മാനേജർ തസ്തികയിൽ എത്ര ഒഴിവുണ്ട്; പ്രോജക്റ്റ് ഓഫീസർമാരുടെ പ്രൊമോഷൻ തസ്തികയായ അസിസ്റ്റന്റ് മാനേജർ തസ്തികയിലേയ്ക്ക് കരാർ അടിസ്ഥാനത്തിൽ നേരിട്ട് നിയമിക്കുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ടോ; ഇത് പി.എസ്.സി. വഴി ജോലിയിൽ പ്രവേശിക്കുന്നവരുടെ അർഹമായ പ്രൊമോഷനെ ബാധിക്കുകയില്ലേ;വ്യക്തമാക്കുമോ? | (ഡി) | മത്സ്യഫെഡിൽ 36 അസിസ്റ്റന്റ് മാനേജർ തസ്തികകൾ ഉണ്ട്. ഇതിൽ 31 ഒഴിവുകൾ നിലവിലുണ്ട്. പ്രൊമോഷൻ തസ്തികയായ അസിസ്റ്റന്റ് മാനേജർ തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ നേരിട്ട് നിയമിക്കുന്നതിനുള്ള തീരുമാനം എടുത്തിട്ടില്ല. എന്നാൽ മത്സ്യഫെഡിന്റെ സുഗമമായ പ്രവർത്തനത്തിനായി 02/12/2021 തീയതിയിലെ സ.ഉ.(കൈ)നം. 22/2021/മ.ത.വ. പ്രകാരം ഒരു |

| | | | |
|---|---|---|---|
| | | | അസിസ്റ്റന്റ് മാനേജർ (ഐ.റ്റി) യെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ